# അദ്ധ്യായം - 15



നാരദീയ കീർത്തന പദ്ധതി - മിസ്റ്റർ ചൊൽക്കാറിന്റെ മധുരമില്ലാത്ത ചായ - രണ്ടു ഗൗളികൾ.

*വായനക്കാർക്ക്, രാമനവമി മഹോത്സവം തുടങ്ങിയതും അതിന് കീർത്തനത്തിന് ഹരിദാസിനെ കിട്ടാൻ വിഷമമുണ്ടായതും പിന്നെ ദാസ്ഗനുവിനെ ബാബ ഹരിദാസായി നിശ്ചയിച്ചതും 6-ാം അദ്ധ്യായത്തിൽ വിവരിച്ചത് ഓർമ്മയുണ്ടല്ലോ. ദാസ്ഗനു അത് അന്നു മുതൽ ഇന്നു വരെ എങ്ങിനെ ചെയ്തുവെന്നു നോക്കാം.*

## നാരദീയ കീർത്തന പദ്ധതി

സാധാരണ ഹരിദാസന്മാർ കീർത്തനത്തിനു പോവുമ്പോൾ വർണ്ണപകിട്ടുള്ള അടിവരെയെത്തുന്ന വസ്ത്രമാണ് ധരിക്കാറ്. അവർ തലയിൽ ഒരു തലപ്പാവ് കെട്ടും. ഉള്ളിൽ ഷർട്ട് ധരിച്ച് ഒരു നീണ്ട കോട്ടും ധരിക്കും. ദോത്തി ചുറ്റി ചുമലിൽ രണ്ടാമുണ്ടും ഇടും. ഇതാണ് വേഷം. ഇങ്ങിനെ വേഷം ധരിച്ച് ഷിർദ്ദിയിൽ ഒരു കീർത്തനത്തിനു പോവുമ്പോൾ ദാസ്ഗനു ബാബയെ നമസ്കരിക്കാൻ ചെന്നു. ബാബ ചോദിച്ചു. വരൻ എങ്ങോട്ടാണ്

ഭംഗിയായി ഉടുത്തൊരുങ്ങി പുറപ്പെട്ടിരിക്കുന്നത്. എന്ന്. കീർത്ത നത്തിനാണ് എന്നു മറുപടി കിട്ടി. ബാബ ചോദിച്ചു. എന്താന ണിതിനീ വക സജ്ജീകരണങ്ങളൊക്കെ? കോട്ട്, വേഷ്ടി, തലേ ക്കെട്ട് എന്തൊക്കെയാണ്. അതെല്ലാം എന്റെ മുന്നിൽ നിന്ന് എടു ത്തുമാറ്റൂ. ദേഹത്തിനെന്തിനാണിതൊക്കെ? എന്ന്. ദാസ്ഗനു ഉടനെ അതെല്ലാം അഴിച്ച് ബാബയുടെ കാൽക്കൽ വെച്ചു. പിന്നീ ടൊരിക്കലും ദാസ്ഗനു കീർത്തനത്തിന് അവ ഉപയോഗിച്ചില്ല. അരക്ക് മേലെ ഒന്നും ധരിക്കില്ല. കയ്യിൽ ചപ്ലാംകട്ടയും കഴുത്തിൽ ഒരു മാലയും, അത്രമാത്രം. ഇത് സാധാരണ വേഷമല്ലെങ്കിലും സ്വാഭാവികമായ വേഷം ഇതാണ്. കീർത്തനപദ്ധതി തുടങ്ങിവെച്ച നാരദമഹർഷി തലയിലോ ദേഹത്തിലോ ഒന്നും ധരിക്കാതെ വീണയുമായി ഭഗവാനെ പ്രകീർത്തിച്ച് ലോകം മുഴുവൻ ചുറ്റി സഞ്ചരിക്കയായിരുന്നു.

## ചോൾക്കാറിന്റെ പഞ്ചസാരയിടാത്ത ചായ

ബാബ പൂനയിലും അഹമ്മദ്നഗറിലും അറിയപ്പെട്ടിരുന്നെ ങ്കിലും നാനാസാഹെബ് ചന്ദോർക്കറുടെ പ്രഭാഷണങ്ങളും ദാസ്ഗനുവിന്റെ കീർത്തനവും ബാബയുടെ പേർ കൊങ്കണം (ബോംബെ) മുഴുവൻ എത്തിച്ചു. ദാസ്ഗനുവിന്റെ മധുരസംഗീ തംകൊണ്ട് വളരെപേർ ബാബയെപറ്റി കേട്ടു. കീർത്തനം കേൾക്കാൻ വരുന്നവർക്ക് പ്രത്യേക താല്പര്യങ്ങളാണ്. ചിലർക്ക് ഹരിദാസിന്റെ പാണ്ഡിത്യത്തിലാണ് താല്പര്യം. ചിലർക്ക് അയാ ളുടെ അഭിനയത്തിലും, ചിലർക്ക് സംഗീതത്തിലുമായിരിക്കും താല്പര്യം. തമാശകളിലും, ചിലർക്ക് വേദാന്ത വിശദീകരണത്തി ലും, ചിലർക്ക് കഥകളിലും, ഇങ്ങനെ പോവുന്നു. ഓരോരുത്ത രുടെ താല്പര്യങ്ങൾ. അതിൽ വളരെ കുറച്ചുപേർ കീർത്തനം കേട്ടു ദൈവത്തിലും ഋഷിമാരിലും വിശ്വാസം ഉറച്ചു കിട്ടുന്നവരു

മുണ്ട്. ദാസ്ഗനുവിന്റെ പാട്ടുകേട്ടാലത്തെ അനുഭവം വിസ്മയാവഹമാണ്. ഒരു ഉദാഹരണം പറയാം.

ഒരിക്കൽ ദാസ്ഗനു താനയിലെ കൗപീനേശ്വര ക്ഷേത്രത്തിൽ സായി ബാബയുടെ അപദാനങ്ങളെ പ്രകീർത്തിച്ചു കീർത്തനം പാടുകയായിരുന്നു. ശ്രോതാക്കളിൽ താനയിലെ സിവിൽ കോടതിയിലെ ഗുമസ്ഥനായ ദരിദ്രനായ ചോൾക്കാർ എന്നൊരാളും ഉണ്ടായിരുന്നു. അയാൾ ദാസ്ഗനുവിന്റെ കീർത്തനം കേട്ട് ആകൃഷ്ടനായി. അപ്പോൾ തന്നെ ബാബയെ മനസാ വണങ്ങി പറഞ്ഞു. ബാബ, ഞാനൊരു ദരിദ്രനാണ്. കുടുംബം പോറ്റാൻ കഴിയാത്തവനാണ്. അവിടുത്തെ അനുഗ്രഹംകൊണ്ട് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് പാസ്സായി ജോലി സ്ഥിരപ്പെട്ടാൽ ഞാൻ ഷിർദ്ദിയിൽ വന്ന് അവിടുത്തെ പാദത്തിൽ നമസ്ക്കരിച്ച് കല്ക്കണ്ട് വിതരണം ചെയ്തോളാം. പറഞ്ഞപോലെ അയാൾ ടെസ്റ്റ് പാസ്സായി, ജോലി സ്ഥിരപ്പെട്ടു. എത്രയും വേഗം നേർച്ച കഴിക്കേണ്ടത് മാത്രം ബാക്കിയായി. ചോൾക്കാർ ദരിദ്രനും വലിയ കുടുംബം പോറ്റേണ്ടവനുമായതിനാൽ ഷിർദ്ദിയാത്രക്കു പണം ചിലവാക്കാനില്ലായിരുന്നു. ഒരാൾക്ക് നാഞ്ഞിഘട്ടോ സഹ്യാദ്രിയോ കടക്കാൻ കഴിഞ്ഞെന്നുവരും. ഒരു ദരിദ്രന് അയാളുടെ വീടിന്റെ എടനാഴി കടക്കാൻ കഴിയില്ല എന്നാണല്ലോ പഴഞ്ചൊല്ല്. നേർച്ച വേഗം കഴിക്കേണ്ടതുകൊണ്ട് ചോൾക്കാർ ചിലവു ചുരുക്കി പണമുണ്ടാക്കാൻ നിശ്ചയിച്ചു. പഞ്ചസാര ഉപേക്ഷിച്ച് അയാൾ ചായ കഴിക്കാൻ തുടങ്ങി. അങ്ങിനെ കുറച്ചു പണമുണ്ടാക്കി ഷിർദ്ദിയിൽ വന്ന് ബാബയെ നമസ്കരിച്ച് ഒരു നാളികേരം കാണിക്കവെച്ച് കല്ക്കണ്ടി വിതരണം ചെയ്ത് ബാബയോട് താൻ അതീവ സംതൃപ്തനാണെന്നു ബോധിപ്പിച്ചു. ചോൾക്കാർ മസ്ജിദ്ദിൽ ബാബുസാഹെബ് ജോഗിനോടു കൂടിയാണ് വന്നത്. അവർ പോവാനെണീറ്റപ്പോൾ ബാബ ജോഗി

നോട് പറഞ്ഞു. ഇയാൾക്ക് പഞ്ചസാര നിറച്ചും ചേർത്ത് ധാരാളം കാപ്പ് ചായ കൊടുക്കൂ. ഈ അർത്ഥവത്തായ വാക്കുകേട്ട് ചോൾക്കാർ ഭക്തിപരവശനായി കണ്ണീരൊലിപ്പിച്ച് ബാബയെ വീണ്ടും വീണ്ടും നമസ്കരിച്ചു. ജോഗിന്ന് ഇതൊന്നും മനസ്സിലായില്ല. ബാബക്ക് ഈ വാക്കുകളെക്കൊണ്ട് ചോൾക്കാറിന്റെ ഭക്തി ഉറപ്പിക്കലായിരുന്നു ഉദ്ദേശം. ബാബക്ക് കല്ക്കണ്ടി കൊടുക്കാൻ പഞ്ചസാര ഉപയോഗിക്കാത്ത കാര്യം അറിയാമെന്നും അയാളെ മനസ്സിലാക്കിക്കൊടുത്തു. ബാബ പറഞ്ഞു. നീ ഭക്തിയോടെ എന്റെ മുന്നിൽ കൈമലർത്തിയാൽ രാവുപകൽ ഞാൻ കൂടെയുണ്ടാവും. ഞാനിവിടെ ഇരിക്കയാണെങ്കിലും ഏഴുകടലിന്നപ്പുറത്ത് വെച്ച് നീ ചെയ്യുന്നതെല്ലാം ഞാനറിയും. നീയീ ലോകത്ത് എവിടെ പോവണമെങ്കിലും പൊയ്ക്കോളൂ. ഞാൻ കൂടെയുണ്ടായിരിക്കും. നിന്റെ ഹൃദയനിവാസിയായ എന്നെ ആരാധിച്ചാലും. ഞാൻ സമസ്ത ജീവജാലങ്ങളുടെയും ഹൃദയനിവാസിയാണ് എന്നെ ഇപ്രകാരം അറിയുന്നവർ അനുഗൃഹീതരും ഭാഗ്യവാന്മാരുമാണ്.

എന്തൊരു സുന്ദരവും സുപ്രധാനവുമായ പാഠമാണ് ബാബ ചോൾക്കാർക്ക് പഠിപ്പിച്ചത്!

## രണ്ടു ഗൗളികൾ

രണ്ടു ചെറിയ ഗൗളികളുടെ കഥയോടുകൂടി ഈ അദ്ധ്യായം അവസാനിപ്പിക്കാം. ഒരിക്കൽ ബാബ മസ്ജിദിൽ ഇരിക്കയായിരുന്നു. ഒരു ഭക്തൻ അടുത്തിരിക്കുന്നുണ്ട്. അപ്പോൾ ഒരു ഗൗളി ടിക് ടിക് എന്നു കൊക്കി ജിജ്ഞാസുവായ ഭക്തൻ ഗൗളി ശബ്ദിച്ചതിൽ വല്ല സാരവുമുണ്ടോ എന്ന് ബാബയോട് ചോദിച്ചു. അയാൾക്ക് നല്ലതോ ചീത്തയോ എന്നറിയാനായിരുന്നു. ബാബ

പറഞ്ഞു. അവളുടെ സഹോദരി ഔറംഗബാദിൽ നിന്ന് കാണാൻ വരുന്ന സന്തോഷം പ്രകടിപ്പിച്ചതാണ്. ബാബയുടെ വാക്കിന്റെ അർത്ഥം മനസ്സിലാവാതെ ഭക്തൻ മിണ്ടാതിരുന്നു. ഉടനെ ഔറംഗബാതിൽ നിന്ന് ഒരാൾ കുതിരപ്പുറത്ത് കയറി സവാരി ചെയ്ത് ബാബയെ കാണാനെത്തി. അയാൾക്ക് ഉടനെ പോവേണ്ടതുണ്ടെങ്കിലും കുതിരക്ക് വിശന്നിട്ട് നടക്കാൻ കൂട്ടാക്കിയില്ല. അയാൾ മുതിരകൊടുക്കാൻ സഞ്ചിയെടുത്ത്, മുതിരകൊടുത്ത് അഴുക്കുകളയാൻ സഞ്ചി നിലത്തിട്ടു തട്ടി. ഒരു ഗൗളി അതിൽനിന്ന് പുറത്തു വന്ന് എല്ലാവരും കാണെ ചുമരിൽക്കയറി. ബാബ ആദ്യത്തെ ഭക്തനോട് അതിനെ നല്ലവണ്ണം നോക്കാൻ പറഞ്ഞു. അത് നേരെ അതിന്റെ സഹോദരി ഗൗളിയുടെ അടുക്കലേക്കോടി. വളരെ കാലത്തിന്നുശേഷം സഹോദരിമാർ കണ്ടുമുട്ടുകയാണ്. അവർ ചുംബിച്ച് കെട്ടിപ്പിണഞ്ഞ് സന്തോഷത്താൽ ചുറ്റി ചുറ്റി നൃത്തം വെച്ചു. ഷിർദ്ദി എവിടെ കിടക്കുന്നു. ഔറംഗബാദ് എവിടെ കിടക്കുന്നു? എങ്ങിനെ ഔറംഗബാദുകാരൻ ഈ ഗൗളിയെയും കൊണ്ട് അവിടെ വന്നു.? ബാബ എങ്ങിനെ സഹോദരിമാരുടെ കൂടിക്കാഴ്ച മുൻകൂട്ടി അറിഞ്ഞു? ആ അതിശയങ്ങൾ ബാബയുടെ അന്തര്യാമിത്വം തെളിയിക്കയിക്കുന്നതാണ്.

**അടിക്കുറിപ്പ്**

ഏതൊരാൾ ഈ അദ്ധ്യായം ബഹുമാനപുരസ്സരം നിത്യവും പാരായണം ചെയ്യുന്നുവോ ആ ആളുടെ സകല കഷ്ടപ്പാടുകളും സദ്ഗുരു സായിബാബയുടെ അനുഗ്രഹത്താൽ തീർന്നുപോവും. അതുകൊണ്ട്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!